ചിത്രശാല

# ആരോഗ്യ നികേതനം

## എം. പ്രഭാകരൻ

**താ**രാശങ്കർബാനർജിയുടെ സുപ്രസിദ്ധമായ നോവലിന്റെ ചലച്ചിത്രാവിഷ്ക്കരണം സ്വാഭാവികമായും പ്രേക്ഷകരെ ആകർഷിക്കാതിരിക്കില്ല. ബംഗാളിലെ നാടകരംഗത്ത് അനവധിക്കാലം വിജയപൂർവം ഇതവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ആധുനികചികിത്സാരീതി ഇന്ത്യൻഗ്രാമങ്ങളിൽ പ്രചരിക്കുവാൻ തുടങ്ങിയ കാലഘട്ടത്തിൽ, ആയുർവേദചികിത്സാസമ്പ്രദായവും അലോപ്പതിയും തമ്മിലുള്ള പഴമയും പുതുമയും തമ്മിലുള്ള സംഘട്ടനത്തിന്റെ കഥ, പ്രേക്ഷകരെ മുഷിപ്പിക്കാതെ കലാത്മകതയോടെ ചലച്ചിത്രത്തിലാവിഷ്കരിക്കുന്നതിൽ സംവിധായകൻ ബോസ് വിജയിച്ചിരുന്നു. ഏറ്റവും നല്ല ബംഗാളിചിത്രത്തിനുള്ള രാഷ്ട്രപതിയുടെ സുവർണമെഡൽ ഈ ചിത്രം കരസ്ഥമാക്കുകയുണ്ടായി.

### കഴിഞ്ഞകാലം

തലമുറകളായി ആയുർവേദചികിത്സയിൽ പേരെടുത്ത ഒരു കുടുംബമാണ് ജീവൻമാശായുടേത്. നാഡി പിടിച്ച ഒരു രോഗിയുടെ ആയുസ്സ് തെറ്റാതെ അളക്കുവാൻ കഴിവുള്ള അദ്ദേഹത്തെ നാട്ടുകാർക്കെല്ലാം ഭയവും ബഹുമാനവുമാണ്. തന്റെ ഏകപുത്രനെ കൽക്കത്തയിലെ മെഡിക്കൽകോളേജിൽ ചേർത്ത് ഒരു ഡോക്ടറാക്കുവാൻ തീർച്ചയാക്കിയെങ്കിലും പഠിക്കുന്ന കാലത്ത് ഒരു ക്രിസ്ത്യൻ യുവതിയുമായുള്ള പ്രേമബന്ധത്തിലേർപ്പെട്ട മകനെ ജീവനുമശായ് പിന്നീട് വീട്ടിൽ കയറ്റുകയുണ്ടായില്ല. ഒരു കുട്ടി ജനിച്ചശേഷം ജീവൻമശായുടെ പുത്രൻ ആ ക്രിസ്ത്യൻ യുവതിയുമായുണ്ടായിരുന്ന ബന്ധത്തിന്റെ പിരിമുറുക്കം ക്രമേണ അയഞ്ഞുവന്നു. അവസാനം രോഗബാധിതനായി വഴിവക്കിൽ വീണുകിടന്നിരുന്ന അയാളെ ഏതോ ഒരു യാചകനെന്നു കരുതി ചിലർ ജീവൻമശായുടെ അരികിലേക്കു ചികിത്സയ്ക്കായി എടുത്തുകൊണ്ടുപോയി. അച്ഛനോടുള്ള പ്രതികാരമന്നോണം, എത്ര നിർബന്ധിച്ചിട്ടും, മരുന്നൊന്നും കഴിക്കാതെ രോഗം മൂർച്ഛിച്ച അയാൾ അകാലമരണമടഞ്ഞു.

ഇത്രയും സംഭവങ്ങൾ കഥയിലിടയ്ക്കിടയ്ക്ക് ഫ്ളാഷ്ബാക്കായി അവതരിപ്പിച്ചിരിക്കുന്നു. ചിത്രത്തിന്റെ തുടക്കം ജീവൻമശായുടെ ഗ്രാമത്തിലെ ആശുപത്രിയിലേക്ക് നിയുക്തനായ പുതിയ ഡോക്ടർ പ്രദ്യോത് ഉദ്യോഗം ഏറ്റെടുക്കുന്നതോടെയാണ്. ജീവൻമശായുടെ ചികിത്സാസമ്പ്രദായത്തെപ്പറ്റി കേട്ടറിഞ്ഞ ആ ചെറുപ്പക്കാരന് ആ വൃദ്ധനോട് എന്തെന്നില്ലാത്ത വെറുപ്പുതോന്നി. അതു പ്രവൃത്തിയിൽ പ്രകടിപ്പിക്കുകയും ചെയ്തു. എന്നാലും തന്നോടു മര്യാദകേടായി പെരുമാറിയിട്ടും ജീവൻമശായ് ഡോക്ടറോടും അയാളുടെ അമ്മയോടും വളരെ ആദരവോടും സ്നേഹത്തോടും കൂടിയാണ് പെരുമാറിയത്.

ജീവൻമശായോട് അപമര്യാദയായി പെരുമാറുന്നതിനെ പ്രദ്യോതിന്റെ അമ്മ എതിർക്കുകയുണ്ടായി. അവസാനമൊരു ദിവസം ജീവൻമശായും താനും തമ്മിലുള്ള ബന്ധം തന്റെ മകനെ മനസ്സിലാക്കുവാൻ വേണ്ടി അവരുടെ ഭൂതകാലം ആദ്യമായി മാതാവ് മകന്റെ മുൻപിൽ നിവർത്തിക്കാട്ടുകയുണ്ടായി. അച്ഛനെപ്പറ്റി, അറിയുവാനിടയായപ്പോൾ പ്രദ്യോതിന്ന് 'മുറിവൈദ്യ'നോടുള്ള വിരോധം കൂടുതലാവുകയാണുണ്ടായത്. ഇങ്ങനെയൊക്കെയാണെങ്കിലും വൈദ്യശാസ്ത്രത്തെ കുറിച്ചുള്ള ജീവൻമശായുടെ അറിവും കഴിവും പ്രദ്യോതിന്നു മനസ്സിലാക്കാൻ കഴിഞ്ഞ ചില സന്ദർഭങ്ങൾ ഉണ്ടാകാതിരുന്നില്ല. പ്രത്യേകിച്ച് ഡിഫ്തീരിയ പിടിപെട്ട് ഡോക്ടറുടെ അടുക്കലേക്ക് മശായ കൂട്ടിക്കൊണ്ടുപോയ കുട്ടിയുടെ രോഗനിലയെപ്പറ്റി അയാൾ പറഞ്ഞ അഭിപ്രായങ്ങൾ കേട്ടപ്പോൾ.

തന്റെ മകനോട് തനിക്കു വെറുപ്പുതോന്നാൻ കാരണം അയാൾ ഒരു അന്യമതക്കാരിയെ വിവാഹം ചെയ്തതു കൊണ്ടല്ലെന്നും, നേരെ മറിച്ച് തന്റെ കുടുംബത്തിന്റെ പാരമ്പര്യവും അന്തസ്സും നിലനിർത്താൻ തയാറാവാതെ പഠിപ്പുമുടക്കി കോളേജിൽ നിന്നൊളിച്ചോടിപ്പോയതിനാലാണെന്നും, തനിക്കു ഇംഗ്ലീഷ് ചിരിത്സാസമ്പ്രദായത്തോടു വെറുപ്പുണ്ടായിരുന്നുവെങ്കിൽ അവനെ ഒരു ഡോക്ടറാക്കുവാൻ മുതിരുമായിരുന്നില്ലെന്നുമുള്ള സത്യാവസ്ഥ മശായ് ഡോക്ടറോടു തുറന്നു പറഞ്ഞു. മാത്രമല്ല രോഗബാധിതനായി അവസാനകാലത്തു തന്റെ അരികത്തുവന്ന മകനെ ചികിത്സിക്കാൻ ഹെൽത്തു സെന്ററിലെ ഡോക്ടറെയാണ് വിളിച്ചതെന്നും, തന്നോടുള്ള പ്രതികാരവാഞ്ഛകൊണ്ടു മാത്രമാണ് മകൻ മരുന്നൊന്നും കഴിക്കാതെ രോഗം മൂർച്ഛിച്ചു മരിച്ചതെന്നും മററും നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു മനസ്സിലാക്കിയപ്പോൾ മാത്രമാണ് നിരപരാധിയായ തന്റെ മുത്തച്ഛനോട് പ്രദ്യോത് തങ്ങൾ തമ്മിലുള്ള ബന്ധം വെളിപ്പെടുത്തിയത്.

കഥയിൽ കൂടുതൽ മനോഹാരിത കലർത്തിയ രംഗങ്ങളാണ് ഗ്രാമത്തിലെ സെമിന്ദാരുടെ പൗത്രി മഞ്ജുവും ഡോക്ടറും തമ്മിൽ കണ്ടുമുട്ടുന്ന രംഗങ്ങൾ. അഞ്ചാറുമാസത്തിനുള്ളിൽ മരിക്കുമെന്ന് ജീവൻമശായ് അഭിപ്രായപ്പെട്ടിട്ടും തന്റെ ആരോഗ്യം വീണ്ടെടുത്തുതന്ന ഡോക്ടറെ സെമിന്ദാർ വളരെയധികം ഇഷ്ടപ്പെട്ടു. മഞ്ജുവും ഡോക്ടറും തമ്മിൽ വിവാഹിതരായി കാണുവനായാൾ ആഗ്രഹിച്ചു. പക്ഷേ, സാധാരണ നിലയിൽ അവരുടെ വിവാഹം സെമിന്ദാരുടെ കുടുംബസ്ഥിതിക്കനുസരിച്ച് ആഡംബരപൂർവം നടക്കുകയാണെങ്കിൽ തന്റെ അമ്മയുടെ ഭൂതകാലം വെളിപ്പെടുത്തേണ്ടിവരുമെന്ന് കരുതി ഡോക്ടർ മഞ്ജുവെ ത

സന്ധ്യാറോയ്



നിക്ക് രജിസ്ട്രർ വിവാഹം കഴിച്ചുതരണമെന്ന് ആവശ്യപ്പെട്ടു. സെമീന്ദാർ അതു നിരസിക്കുകമാത്രമല്ല, മേലിൽ അയാൾ തന്റെ വീട്ടിൽ കയറിപ്പോകരുതെന്നു താക്കീതു ചെയ്യുകകൂടി ചെയ്തു. ഏതായാലും ജീവൻമശായും ഡോക്ടറും തമ്മിലുള്ള ബന്ധം പരസ്യമായതോടെ അവരുടെ വിവാഹം നടക്കുന്നു.

### കുറവുകളുണ്ടെങ്കിലും

സെമിന്ദാരുടെ വീട്ടിൽവെച്ചു നടക്കുന്ന നൃത്തത്തിന്റെയും മഞ്ജുവിന്റെ പാട്ടുകളുടേയും ആവശ്യകതയുണ്ടോ എന്നു സംശയമാണ്. അതുപോലെ തന്നെ കഥയുടെ അന്ത്യഭാഗത്ത് ഇളകിത്തുടങ്ങിയ വണ്ടിയുടെ പിന്നാലെ പുത്രവധുവെ വിളിച്ചു പ്ളാറ്റ് ഫാറത്തിൽ ഓടിനടക്കുന്നതിന്നിടയിൽ ജീവൻമശായ് വീഴുന്നതും മകനും മശായും തമ്മിലുള്ള വിരോധം അവസാനിക്കുന്നില്ലെന്നു കരുതി ആ ചുറ്റുപാടിൽ നിന്നകന്നു ജീവിക്കുവാൻവേണ്ടി കൽക്കത്തയിലേക്കു പുറപ്പെട്ട ഡോക്ടറുടെ അമ്മ വണ്ടി നിർത്തി ഓടിയെത്തുന്നതും മറ്റും മെലോഡ്രാമ തന്നെ. ഇത്തരത്തിലുള്ള ചില വൈകല്യങ്ങൾ ഒഴിച്ചുനിർത്തിയാൽ ആകപ്പാടെ ചിത്രം ഒരു വിജയമായിട്ടുണ്ടെന്നു പറയാതെ വയ്യ. കുടുംബബന്ധങ്ങൾ മറച്ചുപിടിക്കേണ്ടിവരുക, തെററിദ്ധാരണകൊണ്ടു വേണ്ടപ്പെട്ടവരന്യോന്യം വെറുക്കുക, ചില പ്രത്യേകചുറ്റുപാടുകളിൽ ജീവിതബന്ധങ്ങൾ അററുപോകുക തുടങ്ങിയ കുടുക്കുമ സാലകളിൽപെട്ട ചില മനുഷ്യരുടെ മാസികവ്യാപാരങ്ങൾ അനാവശ്യമായ ചായക്കൂട്ടുകൾക്കൊന്നും കൈനീട്ടാതെ ഒതുക്കത്തോടും പാകതയോടും കൂടി വരച്ചുകാട്ടുന്ന വിജയബാസുവിന്റെ സംവിധാനവൈദഗ്ദ്ധ്യം എടുത്തുപറയാവുന്നതാണ്.

കഥാപാത്രങ്ങളുമായി അനായസേന താദാത്മ്യം പ്രാപിക്കുവാൻ കഴിവുള്ള ബികാശ്റായിയാണ് കഥാനായകനായ ജീവൻമശായുടെ ഭാഗമെടുത്തിട്ടുള്ളത്. താരാശങ്കർ ബാനർജിയുടെ ഈ അനശ്വരകഥാപാത്രത്തെ, ആ കാഥാപാത്രത്തിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊണ്ടുകൊണ്ടു ചൈതന്യപൂർവം അവതരിപ്പിക്കുന്നതിൽ ശ്രീ റായ് പ്രദർശിപ്പിച്ച അസൂയാവഹമായ അഭിനയപാടവം ഒരുപക്ഷേ, അതുല്യനായ ഛബിബിശ്വാസിന്നു ശേഷം ബങ്കാളി ചിത്രങ്ങളിൽ അടുത്ത കാലത്തൊന്നും കാണാൻ കഴിഞ്ഞിട്ടുണ്ടന്നു തോന്നുന്നില്ല. ശോകസങ്കലിതമായ ഒരു ഭൂതകാലത്തിന്റെ ഓർമകളും പേറി തന്റെ മകനെ ഒരു മനുഷ്യനാക്കി വളർത്തിയെടുക്കുവാൻ പലേ ജീവിതക്ളേശങ്ങളുമനുഭവിച്ചു പിന്നീട് തന്റെ മകന്റേയും ശ്വശുരന്റേയും നടുവിൽ നിസ്സഹായയായി നിലകൊള്ളേണ്ടിവരുകയും ചെയ്ത ഒരു അമ്മയുടെ മാനസികവിഷമതകൾ അതിസമർത്ഥമായി ആവിഷ്കരിക്കുന്നതിൽ ഠമാ ഠാക്കൂർദാ തികച്ചും വിജയിച്ചിട്ടുണ്ട്. യഥാർത്ഥജീവിതത്തിൽതന്നെ ഒരു ഡോക്ടറായ സുഭേന്ദു ചാററർജിക്ക് പ്രദ്യോതിന്റെ ഭാഗം ഒരു പരാജയമാക്കാതെ കഴിക്കുവാൻ അധികം അധികം പ്രയാസപ്പെടേണ്ടിവന്നിട്ടില്ല. മഞ്ജുവിന്റെ ഭാഗമെടുത്ത സന്ധ്യാറായിയും സെമിന്ദാരായി പ്രത്യക്ഷപ്പെടുന്ന പരേതനായ ജഹാർഗാംഗുലിയും ആ റോളുകൾ തങ്ങൾക്കു ചേർന്നവയാണെന്നു തെളിയിച്ചിട്ടുണ്ട്. ഈ ചിത്രത്തിലവിടെയവിടെയായി തമാശ കലർത്തിയ രംഗങ്ങളാണ് ആശുപത്രിയിലെ കമ്പൗണ്ടർ ശശിബാബു പ്രത്യക്ഷപ്പെടുന്ന രംഗങ്ങൾ. ബംഗാളിലെ ഉയർന്നു വരുന്ന ഈ നടൻ താനെടുത്ത ഈ ചെറിയഭാഗം തികച്ചും അവിസ്മരണീയമാക്കിത്തീർത്തിരിക്കുന്നു. പ്രേക്ഷകരുടെ ഹൃദയത്തിൽനിന്ന് മാഞ്ഞുപോകാത്ത ഇതിലെ മറ്റൊരു കഥാപാത്രമാണ് ഛായദേവി അവതരിപ്പിച്ച ജീവൻമശായുടെ സഹധർമിണി.

തരക്കേടില്ലാത്ത ഛായഗ്രഹണവും റോബിൻചാറ്റർജിയുടെ സംഗീതവും ഈ ചിത്രത്തിന്റെ വിജയത്തിന് കുറച്ചൊക്കെ സഹായകമായ മറ്റു ഘടകങ്ങളാണ്.